# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

# നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

[Mahatma Gandhi NREGA Social Audit Society Kerala

(MGNSASK)]

---

***7-ാമത് ഗവേർണിംഗ് ബോഡി കമ്മറ്റിയോഗം***
***31.08.2019 ശനിയാഴ്ച പകൽ 11-ന്***

***ജലവിഭവവകുപ്പ് സെക്രട്ടറിയുടെ ഓഫീസ്മുറിയിൽ (നമ്പർ.640)***

***(സൗത്ത് ബ്ലോക്ക്)***

***(സെക്രട്ടറിയേറ്റ്, തിരുവനന്തപുരം)***

**ഡോക്ടർ. ബി.അശോക്, ഐ.എ.എസ്.**

സെക്രട്ടറി, ജലവിഭവവകുപ്പ് & ചെയർപേഴ്സണിന്റെ

അദ്ധ്യക്ഷതയിൽ ചേർന്ന ഗവേർണിംഗ് ബോഡിയോഗത്തിന്റെ

# മിനിട്ട്സ്

---

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റികേരളയുടെ, 31.08.2019-ൽ ചേർന്ന, 7-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ്.

യോഗം ഡോ.ബി.അശോക്,ഐ.എ.എസ്., സെക്രട്ടറി (ജലവിഭവവകുപ്പ്) കേരളസർക്കാർ & ചെയർമാൻ, ഗവേർണിംഗ് ബോഡിയുടെ അദ്ധ്യക്ഷതയിൽ 11-ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർനില അന്യത്ര ചേർത്തിട്ടുണ്ട്.

ഗവേർണിംഗ് ബോഡി അംഗങ്ങളുടെ പരിചയപ്പെടലിനെ തുടർന്ന് ഡയറക്ടർ നാളിതുവരെയുള്ള സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ പുരോഗതിയും പ്രവർത്തനരീതിയും, സോഷ്യൽ ഓഡിറ്റ് പ്രക്രിയയിൽ ഉപയോഗപ്പെടുത്തുന്ന മൊബൈൽ ആപ്ലിക്കേഷൻ, ജിയോ ട്രാക്കിംഗ് തുടങ്ങിയവയെക്കുറിച്ചും പവർ പോയിന്റ് അവതരണത്തിലൂടെ അംഗങ്ങളെ ധരിപ്പിച്ചു. തുടർന്ന് യോഗ നടപടികൾ അജണ്ടപ്രകാരം ആരംഭിച്ചു. ചർച്ചകളിലൂടെ യോഗത്തിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. അജിത് വെണ്ണിയൂർ തയ്യാറാക്കിയ സോഷ്യൽഓഡിറ്റ് സ്റ്റാൻഡേർഡ്സിന്റെ മലയാള പരിഭാഷ ഗവേർണിംഗ് ബോഡി അംഗീകരിക്കുകയും ഓറഞ്ച് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് നൽകി ഒരാഴ്ചയ്ക്കുള്ളിൽ, നടപടിക്രമങ്ങൾ പൂർത്തീകരിച്ച്, അച്ചടിക്കുന്നതിനും തീരുമാനിച്ചു.

2. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്തല ഉദ്യോഗസ്ഥർ എന്നിവർക്കായി സോഷ്യൽ ഓഡിറ്റ് ശില്പശാല (മേഖലാ അടിസ്ഥാനത്തിൽ) സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

3. നിലവിലുള്ള റിസ്സോഴ്സ് പേഴ്സൺമാർക്ക്“സമീപന-മനോഭാവ പരിശീലനം”നൽകുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

4. കുടുംബശ്രീയുടെ “കേരളാശ്രീ” പദ്ധതിപ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു അക്കൗണ്ടസ് ഓഫീസർ, ഒരു ക്ലാർക്ക് കം അക്കൗണ്ടന്റ്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ/ക്ലാർക്ക്, ഒരു പാർട്ട് ടൈം സ്വീപ്പർ, ഒരു സ്റ്റേറ്റ് എം.ഐ.എസ്.ഓഫീസർ, എന്നീ തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പിൻതുടരുന്ന യോഗ്യതാമാനദണ്ഡങ്ങൾക്ക് അനുസൃതമായി യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക തരുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്ത് നൽകുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

5. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച “മാസ്റ്റർ സർക്കുലർ 2019-2020” പ്രകാരം സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ഗവേർണിംഗ് ബോഡിയിൽ ഉണ്ടായിരിക്കേണ്ട ഒരംഗം എന്ന നിലയിൽ,തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

6. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയ വകയിൽ കോസ്റ്റ് ഫോഡിന് തുക നൽകിയ നടപടി അംഗീകരിക്കുകയും നിലവിൽ, ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകളിൽ 3-ാം നിലയിൽ ഏറ്റെടുത്ത ഹാളിലേക്ക് ആവശ്യമായ ഫർണിച്ചറും ഫാനും ഉൾപ്പടെയുള്ള അനുബന്ധ സൗകര്യങ്ങൾ സജ്ജമാക്കി തുക **21,99,791**/-(ഇരുപത്തിയെന്ന്ലക്ഷത്തി തൊണ്ണൂറ്റിയൊൻമ്പതിനായിരത്തി എഴുനൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ)രൂപ നൽകിയ നടപടിയും അംഗീകരിച്ചു.

7. ബ്ലോക്ക് റിസ്സോഴ്സ്പേഴ്സൺ (BRP) മാരുടെയും വില്ലേജ് റിസ്സോഴ്സ്പേഴ്സൺ (VRP) മാരുടെയും തെരഞ്ഞെടുപ്പ് സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ അംഗീകരിക്കുകയും എത്രയും വേഗം നിയമന നടപടികൾ പൂർത്തീകരിക്കുന്നതിനും ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

8. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 30.07.2019 വരെയുള്ള വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ചു.

9. കേന്ദ്ര ഫണ്ടിന്റെ 2019-20-ലെ 1-ാം ഗഡുവിനായുള്ള പ്രൊപ്പോസൽ നൽകിയ നടപടി അംഗീകരിക്കുകയും ലഭ്യമായ ഫണ്ടിന്റെ 60% ചെലവ് രേഖപ്പെടുത്തിയാലുടൻ, തുടർഫണ്ട് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

10. 6-ാമത് ഗവേർണിംഗ് ബോഡി തീരുമാനപ്രകാരം ബ്ലോക്ക് തലം വരെയുള്ള റിസ്സോഴ്സ് പേഴ്സൺമാർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് പരമാവധി രൂപ.25,000/- (ഇരുപത്തിയ്യായിരം രൂപ), കരാറിന്റെ അടിസ്ഥാനത്തിലും ഒരു ബ്ലാങ്ക് ചെക്ക് ഒപ്പിട്ട് വാങ്ങിയതിന്റെ അടിസ്ഥാനത്തിലും, 10 മാസം തുല്ല്യഗഡുകളായി തിരിച്ച് പിടിയ്ക്കുന്ന വ്യവസ്ഥയിന്മേൽ അനുവദിച്ച നടപടി അംഗീകരിച്ചു.

11. 6-ാമത് ഗവേർണിംഗ് ബോഡി തീരുമാനപ്രകാരം എല്ലാറിസ്സോഴ്സ് പേഴ്സൺമാർക്കും പ്രതിമാസം രൂപ. 250/-(ഇരുനൂറ്റി അൻപത്)എന്ന നിരക്കിൽ ടെലഫോൺ അലവൻസ് വേതനത്തോടൊപ്പം അനുവദിക്കുന്ന നടപടി അംഗീകരിച്ചു.

12. പൈലറ്റ് അടിസ്ഥാനത്തിൽ ഏറ്റെടുത്ത കുടുംബശ്രീയുടെ ആശ്രയാപദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് നടപടി അംഗീകരിച്ചു. നഗരപരിധിയിലുള്ള ഒരു CDS-ലും ആശ്രയപദ്ധതി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് SAU-വിന്റെ സഹായം വേണമെന്ന കുടുംബശ്രീ പ്രതിനിധിയുടെ അഭ്യർത്ഥന അംഗീകരിച്ചു.

13. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ഒരു ആനുവൽ ആക്ഷൻ പ്ലാനും ബഡ്ജറ്റും അടുത്ത ഗവേർണിംഗ് ബോഡിയിൽ അവതരിപ്പിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

14. വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് നടപടിക്രമങ്ങൾ പാലിച്ച്, ഗാന്ധാരി അമ്മൻകോവിൽ റോഡിൽ പ്രവർത്തിക്കുന്ന വെങ്കിടാചലം അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുത്ത നടപടി അംഗീകരിക്കുകയും അവരെ ചുമതല ഏൽപ്പിക്കുന്നതിനും ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

15. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി അടുത്ത ഗവേർണിംഗ് ബോഡിയിൽ വയ്ക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

16. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ഗവേർണിംഗ് ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ തന്നെ കൂടുന്നതിന് തീരുമാനിച്ചു.

യോഗം 11.45-ന് അവസാനിച്ചു.

ഡയറക്ടർ
സോഷ്യൽ ഓഡിറ്റ് യൂണിറ്റ്,കേരള
കൺവീനർ, ഗവേർണിംഗ് ബോഡി

Dr. ABEY GEORGE
Director
Social Audit, Kerala
MGNSASK

ഡോ. ബി. അശോക് ഐ.എ.എസ്
സെക്രട്ടറി, ജലവിഭവവകുപ്പ്
&
ചെയർപേഴ്സൺ,
ഗവേർണിംഗ് ബോഡി, എസ്.എ.യു.കേരള

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
★(Govt. of Kerala)★

## MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA

( MGNSASK )

**7 TH GOVERNING BODY MEETING**

**DATE:31/8/2019 TIME:11 AM**

**VENUE: ROOM NO.640 SOUTH BLOCK**

**CHAIRED BY: DR. B. ASOK IAS , SECRETARY, WATER RESOURCES DEPARTMENT**

**ATTENDANCE SHEET**

| Sl.No | Name | Signature |
|---|---|---|
| 1 | S. Rajendran | |
| 2. | C.K. Hareendran | |
| 3 | P. Thankam | |
| 4. | Dr. N. Ramakantan | |
| 5. | B. Ashok | 30/8/19 |
| 6. | Ameeda G.S, Kudumbashree | 30/8/19 |
| 7 | Subhash kumar, SJD | |
| 8 | Sheeba George IAS, Dir SJD | |
| | | |
| | | |
| | | |
| | | |
| | | |